കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം 695 001
ഫോൺ:: 0471 2331104 , 0471 2331159,
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

भारतीय मानक ब्यूरो IS 15700
BUREAU OF INDIAN STANDARDS SQMS
An IS 15700 : 2018 Certified Department

നം.ഡി1-18365/2022/സി.ഇ.ഐ

തീയതി: 07.10.2022

## സർക്കുലർ നം.01/2022-23

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് റൂൾസ് 2020, റൂൾ 30(2) പ്രകാരം കോൺട്രാക്ടർ പരിപാലിക്കേണ്ട പെർമനന്റ് വർക്ക് രജിസ്റ്റർ, വകുപ്പിന് കീഴിലുള്ള ജില്ലാ കാര്യാലയങ്ങളിൽ വ്യത്യസ്ത രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് റൂൾസ് 2020, റൂൾ 30(2) പ്രകാരം അനക്സർ 36 മാതൃകയിലുള്ള രജിസ്റ്റർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതും ഓരോ രജിസ്റ്ററും സാക്ഷ്യപ്പെടുത്തുന്നത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ജില്ലാ കാര്യാലയങ്ങളിൽ സൂക്ഷിക്കേണ്ടതുമാണ്. സാക്ഷ്യപ്പെടുത്തുന്നതിന്റെ മാതൃക അനുബന്ധം I ആയും രജിസ്റ്ററിന്റെ മാതൃക അനുബന്ധം II ആയും ചേർത്തിരിക്കുന്നു. പുതിയ വർക്ക് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി നൽകുമ്പോൾ Vol.No. രേഖപ്പെടുത്തേണ്ടതും പഴയ വർക്ക് രജിസ്റ്ററിൽ പേജുകൾ ബാക്കിയുണ്ടെങ്കിൽ അവ കാൻസൽ ചെയ്യേണ്ടതുമാണ്. ലൈസൻസ് പുതുക്കിയതിനു ശേഷം അക്കാര്യം വർക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതിനായി ഹാജരാക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
2. 65 വയസ്സ് പൂർത്തിയായതിനു ശേഷം സി ക്ലാസ്സ് ലൈസൻസ് പല ജില്ലാ കാര്യാലയങ്ങളിൽ നിന്നും വ്യത്യസ്ത കാലയളവിലേക്ക് പുതുക്കി നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 65 വയസ്സ് പൂർത്തിയായതിനു ശേഷം വയർമാൻ പെർമിറ്റ് 5(അഞ്ച്) വർഷത്തേക്ക് പുതുക്കി നൽകുന്നുണ്ട്. പുതുക്കുന്നതിൽ ഏകീകരണം വരുത്തുന്നതിനായി ഇവരുടെ 'സി' ക്ലാസ്സ് ലൈസൻസുകൾ ബന്ധപ്പെട്ട വയർമാൻ ലൈസൻസിന്റെ കാലാവധി വരെ പുതുക്കി നൽകാവുന്നതാണ്.
3. പെർമിറ്റുകൾ പുതുക്കി നൽകുന്നതിന്റെ രേഖപ്പെടുത്തലുകൾ പെർമിറ്റിൽ സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ജില്ലാ കാര്യാലയങ്ങളിൽ വിവിധ തരത്തിൽ രേഖപ്പെടുത്തുന്നതായി (പുതിയ പെർമിറ്റ് കാർഡ് പ്രിന്റ് ചെയ്ത് നൽകുന്നതുൾപ്പെടെ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി നടപടിയിൽ ഏകീകരണം വരുത്തുന്നതിനായി അനുബന്ധം III ചേർത്ത മാതൃകയിൽ രേഖപ്പെടുത്തലുകൾ വരുത്തി പെർമിറ്റിൽ ചേർത്തു സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

സെക്രട്ടറി
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ്

നം:ബി1-18365/2022/സി.ഇ.ഐ. 07.10.2022

<u>അനുബന്ധം I</u>

| | |
|---|---|
| Work Register No. | Issue date: |
| | |
| No. of Pages: | |
| License No. | Valid upto: |
| | |
| | Electrical Inspector |

2.

<u>അനുബന്ധം II</u>

| Sl.No. | W.R.No. | Date of issue | Name and Address of the License holder | License No. and Validity | Signature of the Contractor | Signature of Superintendent /Electrical Inspector |
|---|---|---|---|---|---|---|
| | | | | | | |

3.

<u>അനുബന്ധം III</u>

Wireman Permit No. Date of issue:

| Issued or renewed upto | Amount Remitted | Particulars of remittance | Signature of Electrical Inspector | Office Seal |
|---|---|---|---|---|
| | | | | |